# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-912/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 26/10/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-912/2023 തീയ്യതി: 26/10/2023

## ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-12-2022 മുതൽ 02-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽ മാത്യൂ ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 03-07-2023 | 07-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-07-2023 | 07-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി.എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീ. അഭിലാഷ് എം.കെ., അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനീറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഷൈനി എം.ആർ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ജോജി തോമസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷാജാ ജോസഫ് | സെക്രട്ടറി | 01-04-2022 | 03-11-2022 |

| | | | |
|---|---|---|---|
| ശ്രീമതി. ഗിരിജാ കുമാരി എൽ. | സെക്രട്ടറി | 04-11-2022 | 13-12-2022 |
| ശ്രീമതി. ഷാജാ ജോസഫ് | സെക്രട്ടറി | 14-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സൂരജ് വി.എസ്. | എസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ജിൻസി തോമസ് | വി.ഇ.ഒ. കരികുന്നം സർക്കിൾ | 01-04-2022 | 01-03-2023 |
| ശ്രീമതി. എലിസബത്ത് ജോസഫ് | വി.ഇ.ഒ. നെല്ലാപ്പാറ സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീ. ജെറി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ശ്രീമതി. മായ ജേക്കബ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. ബോബൻ പോൾ | കൃഷി ഓഫീസർ | 01-04-2022 | 05-08-2023 |
| ശ്രീമതി. അഞ്ചു എസ്. | കൃഷി ഓഫീസ**ർ** | 06-08-2022 | 31-03-2023 |
| ശ്രീമതി. ഷൈഫ എസ്.സെയ്ഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 20-12-2022 |
| ശ്രീമതി. അലീന ജോർജ്ജ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21-12-2022 | 31-03-2023 |
| ശ്രീ. പ്രസാദ് പി.നായർ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. അനു വിജയൻ | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി. ജ്യോതി ലക്ഷ്മി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 16-06-2022 |
| ശ്രീ. ജിൽസൻ കെ.ജോർജ്ജ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 17-06-2022 | 31-03-2023 |
| ശ്രീ. റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | നികുതി ഇനങ്ങൾ-ഡി സി ബി രജിസ്റ്റർ- വാർഷിക കണക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | രജിസ്റ്ററുകൾ യഥാവിധി സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | പ്രയർ പീരിയഡ് ഇനത്തിലെ തുകകൾ സാക്ഷ്യപ്പെടുത്തുന്നതിന് രേഖകൾ ലഭ്യമല്ല | 1-1-4 |
| 6 | നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | ഗ്രാന്റ് വിനിയോഗം | 1-3 |
| 9 | പദ്ധതി അവലോകനം | 1-4 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 11 | ക്ഷേമ പദ്ധതികൾ | 1-6 |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 14 | നികുതി/നികുതിയേതര വരുമാനം- അവലോകനം | 1-9 |
| 15 | വസ്തുനികുതി | 1-9-1 |
| 16 | തൊഴിൽ നികുതി | 1-9-2 |
| 17 | ഇ ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടിലേക്ക് കൈമാറിയിട്ടില്ല | 1-10 |
| 18 | പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം നടപ്പാക്കുന്നതിൽ വീഴ്ച | 1-11 |
| 19 | ഓഫീസ് വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ- സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-12 |
| 20 | ഹോമിയോ- മരുന്നുകൾ ലഭ്യമായിട്ടില്ല | 1-13 |
| 21 | വെറ്ററിനറി ആശുപത്രിക്ക് ഫ്രിഡ്ജ് വാങ്ങൽ- ഉത്തരവ് പാലിച്ചില്ല- ചെലവ് തടസ്സം ₹12000/- | 1-14 |
| 22 | ലൈഫ് പദ്ധതി -അവലോകനം | 1-15 |
| 23 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ- അപാകതകൾ | 1-16 |
| 24 | ടേക്ക് എ ബ്രേക്ക്- പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-17 |
| 25 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-18 |

| | | |
|---|---|---|
| 26 | സുസ്ഥിര വികസന പുരോഗതി -അവലോകനം | 1-19 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | 4-1 |
| 2 | മൊബിലൈസേഷൻ അഡ്വാൻസ് | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | വായ്പ /വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1. & 11.3, സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.06.2023-ലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 22.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി. കരിങ്കുന്നം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ ഡെപ്യൂട്ടി ഡയറക്ടർ

26.10.2023 ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി

1-1-1 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 നികുതി ഇനങ്ങൾ-ഡി സി ബി രജിസ്റ്റർ- വാർഷിക കണക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല

നികുതി നികുതിയിതര ഇനങ്ങളുടെ (പ്രത്യേകിച്ച് വാടക, ലേലം, ലൈസൻസ് തുടങ്ങിയവയുടെ) ഡി സി ബി രജിസ്റ്ററിലെ തുകകളും വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-3 രജിസ്റ്ററുകൾ യഥാവിധി സൂക്ഷിക്കുന്നില്ല

ലോൺ രജിസ്റ്റർ, ആഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കെ.എസ്.ഇ.ബി. യിൽ മുൻകൂറായി നൽകിയ ₹24,112/- ബി-18 ൽ ബാധ്യതയായി ചേർത്തിട്ടില്ല.

1-1-4 പ്രയർ പീരിയഡ് ഇനത്തിലെ തുകകൾ സാക്ഷ്യപ്പെടുത്തുന്നതിന് രേഖകൾ ലഭ്യമല്ല

1) Prior Period ആയി ക്രമീകരിച്ച തുകകൾക്ക് അടിസ്ഥാന രേഖകളുടെ പിൻബലമില്ല. Income & Expenditre പത്രികയിൽ 1-18, 1-19 എന്നിവയിൽ Prior Period ആയി ക്രമീകരിച്ച തുകകളെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

2) ജേണൽ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രീതിയിൽ വർക്ക് ഷീറ്റ് / സോഴ്സ് ഡോക്യൂമെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-5 നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ബി-4 ൽ ഉൾപ്പെടുത്തിയിട്ടുള്ള MGNREGS അക്കൌണ്ടിന്റെ നീക്കിയിരിപ്പ് B-17 പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബജറ്റ് അംഗീകരിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 1/18-2-22 |
| ബജറ്റ് അവതരിപ്പിച്ച തീയതി | 25-3-22 |
| ബജറ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം/ തീയതി | 01/25-3-22 |
| ബജറ്റ് പുതുക്കിയ തിയതി/കമ്മിറ്റി തീരുമാനം | 15-2-23/3(1) |

| ഇനം | ബജറ്റ് പ്രകാരം (പുതുക്കിയത്) |
|---|---|
| മുന്നിരിപ്പ് | 9448759.41 |
| വരവ് | 91983500 |
| ആകെ | 101432259.41 |
| ചെലവ് | 97004000. |
| നീക്കിയിരിപ്പ് | 4428259.41 |

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 8846000 | 8846000 | 8699785 | |
| എസ്.സി.പി | 0 | 2689000 | 2689000 | 2423599 | |
| റ്റി.എസ്.പി | 0 | 176000 | 176000 | 172894 | |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് TIED | 981297 | 3288296 | 4269593 | 2096593 | 2173000 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് UNTIED | 135118 | 1591727 | 1726845 | 957869 | 768976 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 9889000 | 9889000 | 9889000 | 0 |
| നോൺ റോഡ് | 0 | 4570000 | 4570000 | 4239637 | |
| ഐ.സി.ഡി.എസ് | 665059 | 724393 | 1389452 | 498600 | 890852 |
| ആർ.ജി.പി .എസ്.എ ഗ്രാന്റ് | 76981 | 0 | 76981 | 0 | 76981 |
| ലൈഫ് മിഷൻ | 152284 | 724393 | 876677 | 873393 | 3284 |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 14407 | 0 | 14407 | 0 | 14407 |
| എസ്.എസ്.എ | | 21663 | 590 | 22253 | 0 | 22253 |
| ടോട്ടൽ സാനിറ്റേഷൻ | | 1395612 | 0 | 1395612 | 0 | 1395612 |
| സമ്പൂർണ്ണ ശുചിത്വം | 3204001999 | 522601 | 449000 | 971601 | 449000 | 522601 |
| | 320300103 | 26170 | 0 | 26170 | 0 | 26170 |
| പകർച്ച വ്യാധി ഗ്രാന്റ് | | 410940 | 0 | 410940 | 0 | 410940 |
| എസ്. റ്റി. ഫണ്ട് | | 277000 | 0 | 277000 | 0 | 277000 |
| ഹെൽത്ത് ഗ്രാന്റ് (പി.എച്ച്.സി.) | | 0 | 211565 | 211565 | 76474 | 135091 |
| ഹെൽത്ത് ഗ്രാന്റ് (സി.എച്ച്.സി.) | | 0 | 81907 | 81907 | 9164 | 72743 |

കുറിപ്പ്:-

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക കൂടി ഉൾപ്പെടുത്തിയാണ് വരവ് കണക്കാക്കിയിരിക്കുന്നത്.

| ഫണ്ട് | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ₹ | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ഈടാക്കുന്ന തുക ₹ |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 439283 | 744600 |
| വികസനഫണ്ട് (SCP) | 199598 | |
| വികസനഫണ്ട് (TSP) | 98365 | |

## 1-4 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 125 | 54006272 | 113 | 33964591 | 0 | 12 | 90.4 |

5.40 കോടി രൂപ അടങ്കലിൽ 125 പ്രോജക്ടുകളാണ് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. വാർഷികപദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ

കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 16-5-2022 |
| ഗ്രാമസഭ, ഊരുകൂട്ട യോഗങ്ങൾ | 24-5-2022 |
| വികസന സെമിനാർ | 13-6-2022 |
| സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അംഗീകാരം | 9-6-2022 |
| ഭരണസമിതിയുടെ അംഗീകാരം | 14-6-2022 |
| സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തി ഭരണസമിതിയുടെ അംഗീകാരം | 6-4-2022 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 15-10-22 |

5.40 കോടി രൂപയുടെ 2022-23 വാർഷിക പദ്ധതി അടങ്കലിൽ 3.39 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 125 പ്രോജക്ടുകളിൽ 90.4 ശതമാനം പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 100 | 331666 | 305000 | 91.95 |
| വെറ്ററിനറി സർജൻ | 7 | 7 | 100 | 3531955 | 2662955 | 75.39 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി/ സി.എച്ച്.സി | 5 | 5 | 100 | 1548161 | 1235106 | 79.77 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 100 | 250000 | 250000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 5 | 5 | 100 | 1350000 | 1350000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/കരിങ്കുന്നം സർക്കിൾ | 13 | 13 | 100 | 16797000 | 5541078 | 32.98 |

| | | | | | | |
|---|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ നെല്ലാപ്പാറ സർക്കിൾ | 8 | 8 | 100 | 3284302 | 2924750 | 89.05 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 100 | 3125000 | 1906338 | 61.00 |
| സെക്രട്ടറി | 24 | 22 | 92.30 | 4466656 | 3326711 | 74.47 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 53 | 43 | 81.13 | 18371532 | 14201912 | 77.30 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100 | 800000 | 110741 | 13.84 |
| ഹെഡ്മാസ്റ്റർ | 1 | 1 | 100 | 150000 | 150000 | 100 |
| ആകെ | 125 | 113 | 90.4 | 54006272 | 33964591 | 62.89 |

പൊതു വിഭാഗത്തിൽ അംഗീകാരം ലഭിച്ച പ്രോജക്കുകളിൽ 109 പദ്ധതികളിൽ 12 എണ്ണം നടപ്പാക്കിയിട്ടില്ല. പട്ടികജാതി വിഭാഗത്തിൽ 10 ൽ 10 പ്രോജക്കുകളും പട്ടിക വർഗ്ഗ വിഭാഗത്തിൽ ആവിഷ്കരിച്ച 6-ൽ 6 പ്രോജക്കുകളും നടപ്പാക്കിയിട്ടുണ്ട്. ആവിഷ്കരിച്ച പ്രോജക്കുകളുടെ 90.4 ശതമാനവും നടപ്പാക്കുന്നതിനു സാധിച്ചെങ്കിലും പദ്ധതി ചെലവ് 62.89 ശതമാനം മാത്രമാണ്.

വിവിധ മേഖലകളിൽ നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മേഖല | അടങ്കൽ തുക | ചെലവഴിച്ചത് |
|---|---:|---:|
| പൊതുവിഭാഗം ഉല്പാദനം | 4663621 | 3078696 |
| പൊതുവിഭാഗം സേവനം | 26546290 | 15597794 |
| പൊതുവിഭാഗം പശ്ചാത്തലം | 12575396 | 10862608 |
| പട്ടികജാതി വിഭാഗം -സേവനം | 9946600 | 4252599 |
| പട്ടികവർഗ്ഗവിഭാഗം -സേവനം | 274365 | 172894 |

1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2585 | 489298 | 491883 | 491426 | 457 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 4922152 | 4922152 | 4922152 | |

### 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1599800 | 100 |
| വിധവാപെൻഷൻ | 4053700 | 256 |
| വാർദ്ധക്യകാല പെൻഷൻ | 12198200 | 801 |
| വികലാംഗ പെൻഷൻ | 1792800 | 115 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 300800 | 18 |
| തൊഴിൽ രഹിത വേതനം | 2040 | 3 |

### 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04/07/2023-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3484/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-8 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് പ്രവർത്തനം- ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സെക്രട്ടറി, ഹെഡ്ക്ലർക്ക്, അക്കൗണ്ടന്റ്, ഒരു സീനിയർ ക്ലർക്ക്, മൂന്ന് ക്ലർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ്, രണ്ട് പി.റ്റി.എസ്. എന്നിങ്ങനെയാണ് സ്റ്റാഫ് വിഭജനം.

ഗ്രാമ പഞ്ചായത്തിൽ 1.4.2022 മുതൽ ILGMS സോഫ്റ്റ്‌വെയർ നടപ്പാക്കിയിട്ടുണ്ട്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിദിന, പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്- പ്രധാന റവന്യൂ വരുമാനങ്ങളായ വാടക, ലേലം, ലൈസൻസ് എന്നിവയുടെ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

വസ്തുനികുതി -വാർഷിക കണക്ക് പ്രകാരം ഡിമാന്റ് തുക പൂർണ്ണമായി പിരിച്ചതായി കാണുന്നില്ല. എന്നാൽ Prior Period Income മായി വ്യത്യാസമുള്ള തുകയായ ₹38273/- ഉൾപ്പെടുത്തിയിക്കുന്നു. ഇത്തരത്തിൽ മുൻകൂറായി പിരിച്ച തുകയുടെ വ്യക്തമായ രേഖകൾ ഹാജരാക്കിയില്ല. ബാലൻസ് ഷീറ്റ് പ്രകാരം

തുകയൊന്നും പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി തയ്യാറാക്കിയിട്ടില്ല.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല.

1-9 നികുതി/നികുതിയേതര വരുമാനം- അവലോകനം

വസ്തു നികുതി, തൊഴിൽ നികുതി എന്നിവയാണ് പ്രധാന നികുതി വരുമാനങ്ങൾ.

ഇൻസെന്റീവ് ഗ്രാന്റ്

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തത് പ്രകാരം തനത് വരുമാനം (നികുതി നികുതിയേതര വരുമാനം) വർദ്ധിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 2021-22 സാമ്പത്തിക വർഷം മുതൽ ഇൻസെന്റീവ് ഗ്രാന്റ് നൽകി വരുന്നുണ്ട്. സംസ്ഥാന ബജറ്റിൽ വികസന ഫണ്ടിന്റെ ഭാഗമായി നീക്കിവെയ്ക്കുന്ന പൊതു വിഭാഗം സാധാരണ വിഹിതം വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ തനത് വരുമാന വർദ്ധനവിന് 15 ശതമാനം വെയിറ്റേജ് ആണ് നൽകിയിട്ടുള്ളത്. ആയതിനാൽ തനത് വരുമാനം വർദ്ധിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും തനത് വരുമാന വർദ്ധനവിന് ആനുപാതികമായി കൂടുതൽ വിഹിതം ലഭിക്കും. ഇൻസെന്റീവ് ഗ്രാന്റിൽ നിന്നും പരമാവധി വിഹിതം നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ തനത് വരുമാനം (Own Source (Revenue) വർദ്ധിപ്പിക്കുവാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല .

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ ഒന്നും തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണ സമിതിക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിലേക്കുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗങ്ങൾ ഭരണസമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 60 പ്രകാരം പഞ്ചായത്ത് സെക്രട്ടറി ഓരോ മാസവും പ്രതിമാസ അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

പഞ്ചായത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പരിശോധിച്ച് ശുപാർശകൾ സഹിതം തൊട്ടടുത്ത് ചേരുന്ന ഭരണസമിതി യോഗത്തിൽ വയ്ക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

• വിഭവസമാഹരണത്തിന്റെ വിവിധ ഭാഗങ്ങൾ, തലങ്ങൾ, പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ നിർവ്വഹിക്കുന്നുണ്ടോ എന്നു പരിശോധിക്കേണ്ടതാണ്.

• വിഭവസമാഹരണത്തിലെ ചോർച്ച ഒഴിവാക്കാനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

• കെട്ടിടങ്ങളുടെയും ഭൂമികളുടെയും സമ്പൂർണ്ണലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വിവിധ വരവിനങ്ങൾ

എ) തൊഴിൽ നികുതി സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് പരിപാലിക്കുന്നില്ല. തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. തൻവർഷ വിവരങ്ങൾ 1-9-2 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

ബി) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്.) എ 9-764/2019 നമ്പർ ഉത്തരവ് അനുസരിച്ച് റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ആയതിനാൽ എല്ലാ റേഷൻകടകളും പഞ്ചായത്ത് ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെടുന്ന സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സ്ഥിരം രജിസ്റ്ററായി സൂക്ഷിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കാവുന്നതാണ്.

സി) വസ്തു നികുതി

1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഓരോ 5 വർഷക്കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷക്കാലയളവിൽ ഒരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2013 ലെ സ.ഉ. (അച്ചടി) 5/2023/LSD നമ്പർ വിജ്ഞാപന പ്രകാരം നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പഞ്ചായത്ത് ഭരണ സമിതി താല്ക്കാലികമായി നിശ്ചയിച്ചിട്ടുണ്ട്. 25/4/2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതിയുടെ 15-ാം നമ്പർ തീരുമാനപ്രകാരം ഭൂപ്രദേശങ്ങളെ മേഖലകളായി തിരിച്ചും, വിവിധ റോഡുകൾ തരം തിരിച്ചും താല്ക്കാലികമായി നിശ്ചയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് പരിഷ്കരിച്ച വസ്തു നികുതി നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തി ഈടാക്കേണ്ടതാണ്.

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം അനുയോജ്യമായ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഫീൽഡ് പരിശോധനയിലൂടെ കൃത്യമാക്കേണ്ടതാണ്. അതിനെത്തുടർന്ന് നികുതി നിർണ്ണയിക്കപ്പെടാത്തതോ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

തൻവർഷ വിശദാംശങ്ങൾ 1-9-1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

1-9-1 വസ്തുനികുതി

ഗ്രാമപഞ്ചായത്തിൽ ആകെ 13 വാർഡുകളുണ്ട്. വസ്തുനികുതി ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് – കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് തുക | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|
| താമസത്തിനുള്ള കെട്ടിടങ്ങൾ | 1838015 | 1820735 | 0 | പ്രയർ പീരിഡ് ഇൻകം പ്രോപ്പർട്ടി ടാക്സ് എന്ന ഇനമായി ₹38273/-ലഭിച്ചതായി കാണിച്ചിരിക്കുന്നു |
| താമസേതര കെട്ടിടങ്ങൾ | 1435551 | 1418865 | 0 | |

1. പ്രയർ പീരിഡ് ഇൻകം പ്രോപ്പർട്ടി ടാക്സ് എന്ന ഇനമായി ₹38273/- ലഭിച്ചതായി കാണിച്ചിരിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ അവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 09/13.07.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2. മാലിന്യ നിർമ്മാജ്ജനം, കുടിവെള്ള വിതരണം, തെരുവുവിളക്ക് സ്ഥാപിക്കൽ തുടങ്ങിയ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് നൽകുന്നുണ്ടെങ്കിലും ആയതിന് 1994-ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 200(2), 2011-ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും അതിൻമേലുള്ള സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 27 എന്നിവയിൽ അനുശാസിക്കും പ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നില്ല.

3. കേന്ദ്രസർക്കാരിന്റെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കാൻ പാടില്ലെങ്കിലും സേവന ഉപനികുതി ഈടാക്കാവുന്നതാണ്. 2011-ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും അതിൻമേലുള്ള സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം ഇതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡേറ്റാ ലോക്ക് ചെയ്തിട്ടുണ്ട്.

5. മേഖലകളെ സംബന്ധിച്ച വിവരം മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.

6. തൻവർഷം 84 കെട്ടിടങ്ങൾക്ക് നമ്പർ നൽകി നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്.

7. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികതി പിരിവു സംബന്ധിച്ച് കാര്യമായ അവലോകനങ്ങൾ നടത്തുന്നില്ല.

8. ഇ-പേയ്മെന്റായി ഒടുക്കുന്ന തുകകൾ നേരിട്ട് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് വരുന്നതിനുള്ള സംവിധാനമായിട്ടില്ല. നിലവിൽ ഐ.കെ.എം.-ന്റെ ഒരു പൊതു അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്. പിന്നീട് ഐ.കെ.എം. ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകുകയാണ് ചെയ്യുന്നത്. ഇതിന്റെ കൃത്യത

പരിശോധിച്ച് ഉറപ്പാക്കുന്നില്ല.

9. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2023-ലെ ജി.ഒ.(എം.എസ്)77/2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്കരണം നടന്നു വരുന്നു. അടിസ്ഥാന വസ്തു നികുതി പുതുക്കിക്കൊണ്ടുള്ള വിജ്ഞാപനം 14.06.2023-ലെ A3-982/23 നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ചട്ടം 24 പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ, പുതുക്കിപണിയുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടം പണിയുകയോ, പുതുക്കിപ്പണിയുകയോ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ, കെട്ടിടം മറ്റ് എന്തെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുകയോ ഇതിലേതാണ് നേരത്തെ സംഭവിച്ചത്, ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം, കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച് നോട്ടീസ് നൽകേണ്ടതുണ്ട്. നോട്ടീസ് നൽകുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ഉടമയുടെ പേരിൽ സെക്രട്ടറിക്ക് അഞ്ഞൂറ് രൂപയിൽ കവിയാത്ത തുക പിഴ ചുമത്താവുന്നതാണ്. മേൽ വിവരം രേഖാമൂലം അറിയിക്കാത്തവർക്ക് 2023 മെയ് 15-വരെ വിവരം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. കെട്ടിട ഉടമ വിവരം നൽകിയാലും ഇല്ലെങ്കിലും ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ 30.06.2023 നകം വിവരം ഉൾപ്പെടുത്തേണ്ടിയിരുന്നു. ഇന്നാൽ ഇതിനാവശ്യമായ ജീവനക്കാരെ ഇതുവരെ നിയോഗിച്ചിട്ടില്ല. വാർഡുകളിൽ ഫീൽഡ് പരിശോധന കാലതാമസം കൂടാതെ നടത്തി വിവരങ്ങൾ ശേഖരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-9-2 തൊഴിൽ നികുതി

ഡിമാന്റ് -കളക്ഷൻ -ബാലൻസ് വിവരം ചുവടെ ചേർക്കുന്നു

| ഇനം | ഡിമാന്റ് തുക | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|
| ജീവനക്കാർ | 797500 | 797500 | 0 | - |
| ട്രേഡേഴ്സ് | 161800 | 160900 | 0 | അഡ്വാൻസായി ₹900/-കളക്ട് ചെയ്തിരിക്കുന്നു. |
| ഇൻസ്റ്റിറ്റ്യൂഷൻ | 17500 | 17500 | 0- | |

തൊഴിൽ നികുതി ഇനത്തിൽ 100 % കളക്ഷനുണ്ട്.

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടില്ല. വസ്തു നികുതിയുമായി ബന്ധപ്പെട്ട് മാത്രമാണ് നിലവിൽ സോഫ്റ്റ്‌വെയർ തയ്യാറാക്കിയിരിക്കുന്നത്. മറ്റ് നികുതി – നികുതിയേതര ഇനങ്ങളുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ വർഷങ്ങൾക്ക് ശേഷവും സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനുമായി മാത്രം രൂപീകരിച്ചിരിക്കുന്ന ഇൻഫർമേഷൻ കേരള മിഷൻ ഇക്കാര്യത്തിൽ യാതൊരു നടപടിയും നാളിതുവരെയായി സ്വീകരിച്ചിട്ടില്ല. പദ്ധതി വിഹിതത്തിൽ നിന്ന് നിശ്ചിത തുക നിർബന്ധിത പ്രോജക്ടായി

രൂപീകരിച്ച് ഐ.കെ.എം.-ന് വർഷം തോറും നൽകുന്ന എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

1-10 ഇ ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടിലേക്ക് കൈമാറിയിട്ടില്ല

ഇ ടെണ്ടർ നടപടികൾക്കായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ കരിങ്കുന്നം എസ്.ബി.ഐ. യിൽ തുറന്നിട്ടുള്ള 37175717912 നമ്പർ അക്കൗണ്ടിൽ 31.03.2023 ൽ ₹184876/- ഉം ഓഡിറ്റ് തീയതിയിൽ ₹222631/-ഉം നീക്കിയിരിപ്പുണ്ട്. ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാണ് എന്നിരിക്കെ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടിലേക്ക് കൈമാറാതെ എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമ വിരുദ്ധമാണ്. മിനിമം ബാലൻസ് കഴിച്ചുള്ള തുക അടിയന്തിരമായി കൈമാറേണ്ടതും ഭാവിയിൽ ഈ അപാകത ഒഴിവാക്കേണ്ടതുമാണ്.

1-11 പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം നടപ്പാക്കുന്നതിൽ വീഴ്ച

കരിങ്കുന്നം ടൗണിന് പുറകിലൂടെ ഒഴുകുന്ന 'ചന്തത്തോട്' എന്നുവിളിക്കുന്ന തോട്ടിൽ മാലിന്യങ്ങൾ നിക്ഷേപിച്ചതിനാൽ ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കണമെന്ന കാണിച്ച് കരിങ്കുന്നം എഫ്.എച്ച്.സി. മെഡിക്കൽ ഓഫീസർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ 07.03.2022-ലെ 96/22 നമ്പരിലുള്ള കത്തിന്റെ അടിസ്ഥാനത്തിൽ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219(s)(1), 218 (1), 219(s)(3) എന്നിവ പ്രകാരം ഉത്തരവാദികളിൽ നിന്ന് ₹10000/-വീതം പിഴയായി ഈടാക്കുന്നതിന് 14.06.2022ലെ 6(1) നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ സൂചിപ്പിക്കുന്ന വ്യക്തികൾക്ക് നോട്ടീസ് നൽകിയിരുന്നു.

| ക്രമനം | പിഴ ചുമത്തപ്പെട്ട വ്യക്തിയുടെ പേര് . |
|---|---|
| 1 | എ.സി മാത്യു, ആനക്കല്ലാമല |
| 2 | എ സി ജയിംസ് ആനക്കല്ലാമല |
| 3 | സണ്ണി കുരുട്ടുപറമ്പിൽ |
| 4 | ബാബു ജോസഫ് നനയാമരുതുങ്കൽ |
| 5 | വിവേക് ജോർജ്ജ്,ഐപ്പാറ |
| 6 | ബിജു പാമ്പ്രയിൽ |
| 7 | സെക്രട്ടറി എസ്.എൻ.എൻ.ഡി പി ബിൽഡിംഗ് |
| 8 | തോമസ് കുരുട്ടുപറമ്പിൽ |
| 9 | തോമസ് പുത്തൻ പുരയിൽ |
| 10 | മാത്യു ചാണ്ടി കൊച്ചുപുരയ്ക്കൽ |

പ്രസ്തുത തീരുമാനത്തിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ഗ്രാമപഞ്ചായത്തിൽ ലഭ്യമായ പിഴതുകയുടെ വിവരവും തോടിന്റെ നിലവിലെ സ്ഥിതിയും ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 2/05.07.2023) ലഭ്യമാക്കിയ മറുപടിയിൽ നിയമോപദേശം തേടുന്നതിനായി അഡ്വ. പീറ്റർ വി. ജോസഫിന് കത്ത് നൽകി എന്ന് സൂചിപ്പിച്ചിരിക്കുന്നു. തുടർ നടപടികളുടെ വിവരം വ്യക്തമാക്കിയില്ല. ഉത്തരവാദികൾ ലഭ്യമാക്കിയ മറുപടികൾ പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കാത്തതിനാലാണ് പിഴ ചുമത്തി നോട്ടീസ് നൽകിയിരിക്കുന്നത് എന്നതിനാൽ പിഴ ഒടുക്കാത്തപക്ഷം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വാർഷികകണക്കിൽ പ്രസ്തുത തുക ഡിമാന്റ് ആയി ഉൾപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ഓഫീസ് വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ- സർക്കാർ നിർദ്ദേശം പാലിച്ചില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.06.2007-ലെ ജി.ഒ.(എം.എസ്.) നമ്പർ 170/2007/തസ്വഭവ അനുസരിച്ച് ഓഫീസ് വാഹനങ്ങളുടെ പതിനായിരം രൂപയിൽ കവിയുന്ന അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ മുഖേന മാത്രമാണ് നടത്താവുന്നത്. എന്നാൽ ഇവ പലപ്പോഴും നേരിട്ട് നിർവഹിക്കപ്പെടുന്നതായി കാണുന്നു.

ഉദാ: വൗച്ചർ നം.22200061/30.04.2022 പ്രകാരം സേർവെൽ ഓട്ടോമൊബൈൽസ് എന്ന സ്ഥാപനം മുഖേന ₹24890/- ന്റെ അറ്റകുറ്റപ്പണികൾ നടത്തി.

സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

## 1-13 ഹോമിയോ- മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ), ഗവ. ഹോമിയോ ഡിസ്പെൻസറി, കരിങ്കുന്നം |
| പദ്ധതി നമ്പർ | 11/2022-23 |
| പദ്ധതി | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹250000/-(ആസ്തി പരിപാലന ഗ്രാന്റ്-റോഡിതരം) |
| ബിൽ നമ്പർ & തുക | 22160552012801053177 തീയതി 17.01.2023<br>₹250000/- |

കേരള സംസ്ഥാന ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 26.10.2022 ലെ പി.എഫ്. 667

നമ്പരായുള്ള പ്രഫോർമ ഇൻവോയ്സ് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് ₹250000/- നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയത്തും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ താമസം വിനാ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 വെറ്ററിനറി ആശുപത്രിക്ക് ഫ്രിഡ്ജ് വാങ്ങൽ- ഉത്തരവ് പാലിച്ചില്ല- ചെലവ് തടസ്സം ₹12000/-

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പദ്ധതി നമ്പർ | 82/2023 |
| പദ്ധതി | മൃഗാശുപത്രിയിലേക്ക് ഫ്രിഡ്ജ് വാങ്ങൽ |
| അടങ്കൽ | ₹12000/- |
| ബിൽ നമ്പർ | 22100552012300626815 തീയതി 10.10.2022 തുക ₹12000/- |

പ്രസ്തുത പ്രോജക്ട് പ്രകാരം മൃഗാശുപത്രിയിലെ ഉപയോഗത്തിനായി തൊടുപുഴയിലുള്ള നെല്ലൂർ ഹോം അപ്ലൈൻസ് എന്ന സ്ഥാപനത്തിൽ നിന്ന് സ്റ്റോർപർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാതെ ഒരു റഫ്രിജറേറ്റർ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ പരാമർശിക്കുന്നു.

1. വാങ്ങൽ നടപടികൾ പൂർണ്ണമായും GEM മുഖേന ആയിരിക്കണമെന്ന് സർക്കാർ നിർദ്ദേശമുള്ളതാണ്. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 26.04.2019-ലെ ജി.ഒ.(പി) നം. 7/2019 നമ്പർ ഉത്തരവ് കാണുക. GEM മുഖേന വാങ്ങുന്നതിന് പരിമിതിയുള്ള വസ്തുതകളിൽ സ്റ്റോർ പർച്ചേസ് മാനുവലിൽ പരാമർശിച്ചിട്ടുള്ള ക്വട്ടേഷൻ/ടെണ്ടർ മുഖേന വാങ്ങേണ്ടതാണെന്ന് നിർദ്ദേശമുണ്ടായിരിക്കെ റഫ്രിജറേറ്റർ വാങ്ങിയത് ക്വട്ടേഷൻ നടപടികൾ കൂടാതെയാണ്.

2. ₹25000/- വരെയുള്ള സാധനങ്ങൾ GEM ൽ ലഭ്യമായ ഏതെങ്കിലും വിതരണക്കാരിൽ നിന്നും വാങ്ങാവുന്നതാണെന്നാണ് സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 26.04.2019 ലെ സ.ഉ(പി) 7/19 ലെ ഖണ്ഡിക I പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ അത്തരം വിതരണക്കാരനിൽ നിന്നല്ല റഫ്രിജറേറ്റർ വാങ്ങിയിരിക്കുന്നത്.

മേൽ അപാകതകളുടെ വെളിച്ചത്തിൽ ₹12000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-15 ലൈഫ് പദ്ധതി -അവലോകനം

കേരളത്തിലെ ഭവനരഹിതരുടെ പ്രശ്നങ്ങൾക്ക് സമഗ്രപരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തികരിക്കുകയും മൂന്നാം ഘട്ടം പുരോഗമിക്കുകയും ചെയ്യുന്നു. കേരളത്തിലെ എല്ലാ അർഹരായ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമപദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കാനും ഉതകുന്ന

സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നത്.

ആദ്യഘട്ടത്തിൽ ലൈഫ് സ്കീം പ്രകാരം ഇതിനകം നിർമ്മിച്ച അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം, രണ്ടാം ഘട്ടത്തിൽ 4 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം, മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവന രഹിത പുനരധിവാസം എന്നിങ്ങനെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് .

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.3.2018-ലെ 236/ഡി.ബി-1/2018 നമ്പർ സർക്കുലർ അനുസരിച്ച്, ഓരോ തദ്ദേശ സ്ഥാപനവും തങ്ങൾക്ക് ലഭിക്കുന്ന വികസന ഫണ്ടിന്റെ 20 ശതമാനമെങ്കിലും ലൈഫ് ഭവനപദ്ധതിയ്ക്കായി മാറ്റി വയ്ക്കേണ്ടതാണ്. തദ്ദേശ സ്ഥാപന വിഹിതം ₹80000/-, ₹220000/- വായ്പ, ₹100000/- സംസ്ഥാന സർക്കാർ വിഹിതം എന്നിവയാണ് സബ്സിഡിയുടെ ഘടകങ്ങൾ. ജനറൽ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും, അഗതി ആശ്രയ കുടുംബത്തിനും 4 ലക്ഷം രൂപ വീതവും പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ളവർക്ക് 6 ലക്ഷം രൂപയുമാണ് ധനസഹായ തുക.

തൻവർഷം കരിങ്കുന്നം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ലൈഫ് പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നമ്പർ | പദ്ധതി | അടങ്കൽ | ചെലവഴിച്ച ഫണ്ട് ഇനം | | | | |
|---|---|---|---|---|---|---|---|
| | | | എസ്.സി.പി | സംസ്ഥാനാവിഷ്കൃത ഫണ്ട് | ബ്ളോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ആകെ ചെലവഴിച്ച തുക |
| 129/22-23 | ലൈഫ് ഭവനപദ്ധതി എസ്.സി സ്ഥലം വാങ്ങൽ ഭവനനിർമ്മാണം | 5568000 | 445559 | 449000 | 225000 | 915000 | 2034559 |
| 86/22-23 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 784472 | ജനറൽ 784472 | | | | 784472 |
| 35/22-23 | ലൈഫ് ഭവനപദ്ധതി വീട് നിർമ്മാണം സ്ഥലം വാങ്ങൽ | 4235528 | 635528(ജനറൽ) | | 280000 (ജില്ലാ പഞ്ചായത്ത് വിഹിതം) | | 915528 |
| 144/22-23 | ലൈഫ് 20-20 എസ്.സി | 2400000 | 240000 (ജില്ലാ പഞ്ചായത്ത് വിഹിതം) | | | | 240000 |
| 146/22-23 | ലൈഫ് 20-20 ജനറൽ | 2400000 | 160000 (ബ്ലോക്ക് വിഹിതം | | 80000 (ജില്ലാ പഞ്ചായത്ത് വിഹിതം) | | 240000 |

| | | | | |
|---|---|---|---|---|
| 153/22-23 | സുവർണ്ണഭവനം ജനറൽ | 401000 | 400000 (ജില്ലാ പഞ്ചായത്ത് വിഹിതം) | 400000 |
| ആകെ | | 15789000 | ആകെ | 4614559 |

ലൈഫ് പദ്ധതിയ്ക്കായി വികസനഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട്, ബ്ലോക്ക് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയിലായി ₹15789000/- വകയിരുത്തി എങ്കിലും ₹4614559/- മാത്രമാണ് ചെലവ്. കേവലം 29.22 ശതമാനമാണ് പദ്ധതിചെലവ്. സംസ്ഥാനാവിഷ്കൃത ഫണ്ടിനത്തിൽ ₹3330000/- വകയിരുത്തി എങ്കിലും ₹449000/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

1-16 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം .76/23 | അസി.എഞ്ചിനീയർ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| അടങ്കൽ | ₹95000/- (മെയിന്റനൻസ് ഗ്രാന്റ്, നോൺ റോഡ്) |
| ചെലവ് | ബിൽ നം.221005520167015305 40/28.03.2023 ₹94800/- |

ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1) സർക്കാർ ഉത്തരവ് നമ്പർ (പി)7/19 എസ്.പി.ഡി. തീയതി. 26.04.19 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും ₹25000/- ന് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും 'ജെം' മുഖേന സമാഹരിക്കേണ്ടതാണ് എന്നിരിക്കെ അസി. എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് ആവശ്യമായ കസേരകൾ ടെണ്ടർ മുഖേനയാണ് വാങ്ങിയിരിക്കുന്നത്. ജെം പോർട്ടലിൽ ₹2000/- വിലയ്ക്ക് ഇപ്പോൾ ലിസ്റ്റ് ചെയ്തിട്ടുള്ള കസേരകൾ 2 എണ്ണം ₹8300/- പ്രകാരവും 17 കസേരകൾ ₹4600/- പ്രകാരവും വാങ്ങിയിരിക്കുന്നു. ആകെ 19 കസേരകൾക്ക് ₹94800/- ചെലവഴിച്ചു.

2) വാങ്ങിയ കസേരകളിൽ 15 എണ്ണവും പഞ്ചായത്ത് ഓഫീസിലെ കമ്മിറ്റി ഹാളിലാണ് ഉപയോഗിക്കുന്നത്. 4 എണ്ണം മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ ഉപയോഗിക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയല്ല ഗ്രാമപഞ്ചായത്തിന് ഇവ കൈമാറിയിരിക്കുന്നത്. 14-ാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ (സ.ഉ.(കൈ) നം.84/2022/തസ്വഭവ തീയതി.19.04.2022) ഖണ്ഡിക 6.8.3 പ്രകാരം കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനാണ് മെയിന്റനൻസ് റോഡിതര ഫണ്ട് വിനിയോഗിക്കേണ്ടത്. ഖണ്ഡിക 6.8.8 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള തനത് ആസ്തികളുടെ മെയിന്റനൻസിന് റോഡിതരസംരക്ഷണ ഫണ്ട് ഉപയോഗിക്കാൻ പാടില്ല എന്നും നിർദ്ദേശിക്കുന്നു. മാർഗ്ഗരേഖാ വ്യവസ്ഥ മറികടക്കുന്നതിനു വേണ്ടി മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന പദ്ധതി ഇപ്രകാരം പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാണ്.

ഇപ്രകാരം ക്രമവിരുദ്ധമായ പദ്ധതി നിർവഹണം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

1-17 ടേക്ക് എ ബ്രേക്ക്- പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

നാല്പ പദ്ധതികളിലായി ഈ പ്രോജക്ടിന്റെ പൂർത്തീകരണത്തിന് താഴെ വിശദീകരിച്ചിട്ടുള്ളതു പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1) Cheque No.004161/05.08.22 ₹231917/- (P 68 ശുചിത്വ മിഷൻ വിഹിതം)

2) XVFC/2022-23.P10/22.10.2022 ₹96584/- (P 73 ധനകാര്യ കമ്മീഷൻ അവാർഡ്)

3) XVFC/2022-23.P26/28.02.2023 ₹272831/- (P 105 ധനകാര്യ കമ്മീഷൻ അവാർഡ്)

4) XVFC/2022-23.P32/29.03.2023 ₹56599/- (P 154 ധനകാര്യ കമ്മീഷൻ അവാർഡ്)

സംസ്ഥാനത്തെ പ്രധാന പാതകളിൽ വിനോദ സഞ്ചാരികൾക്കും, യാത്രക്കാർക്കും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം ജനങ്ങൾക്ക് തൊഴിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വരുമാനവും സാധ്യമാക്കുന്നതിനാണ് സംസ്ഥാന സർക്കാർ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടികളിൽ ഉൾപ്പെടുത്തിയത്. പദ്ധതി നടത്തിപ്പിനായി സ.ഉ.(സാധാ)നം.1401/2020/ ത.സ്വ.ഭ.വ തീയതി 27.07.20 പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണമായും നേടുന്നതിന് പര്യാപ്തമായ രീതിയിലാണോ കരിങ്കുന്നം ഗ്രാമപഞ്ചായത്ത് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയത് എന്ന് സംശയമാണ്. വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിന് മൂവാറ്റുപുഴ-പുനലൂർ സംസ്ഥാന ഹൈവേയുടെ പാർശ്വത്തിൽ സ്ഥലം കണ്ടെത്തുന്നതിനു പകരം, പ്രധാന റോഡിൽനിന്ന് ഉള്ളിലായി, ഗ്രാമപഞ്ചായത്ത് കാര്യാലയത്തിനു സമീപം പഞ്ചായത്ത് ബസ് സ്റ്റാന്റിൽ നിലവിലുണ്ടായിരുന്ന ശുചിമുറികൾ പുതുക്കിയും പുതിയവ കൂട്ടിച്ചേർത്തുമാണ് ടേക്ക് എ ബ്രേക്ക് സംവിധാനം രൂപപ്പെടുത്തിയിരിക്കുന്നത്. മുൻ വർഷം ആരംഭിച്ച പ്രവൃത്തിയുടെ പൂർത്തീകരണമാണ് തൻവർഷം 4 പ്രവൃത്തികളിലൂടെ നിർവഹിച്ചിരിക്കുന്നത്. പ്രവൃത്തി പൂർത്തിയായെങ്കിലും പൊതുജനങ്ങൾക്കായി ഇത് ഇനിയും തുറന്ന് കൊടുത്തിട്ടില്ല. (നിർമാണം പൂർത്തീകരിച്ച സമുച്ചയം പൂട്ടിയിട്ട അവസ്ഥയിലാണ്. )

സർക്കാർ നിർദ്ദേശിച്ച അടിസ്ഥാന നിർദ്ദേശങ്ങൾ പോലും അവഗണിച്ച് പ്രോജക്ട് ഏറ്റെടുത്തുവെങ്കിലും ആർക്കും പ്രയോജനം ചെയ്യാത്ത അവസ്ഥയിലുള്ള ഈ സംവിധാനം ഉപയുക്തമാക്കുന്നതിന് അടിയന്തിരനടപടി ഉണ്ടാകേണ്ടതാണ്.

1-18 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ താഴെ സൂചിപ്പിക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമനം | പദ്ധതി വിവരം | ബിൽ നമ്പർ/ വൗച്ചർ നം | തുക (₹) |
|---|---|---|---|
| 1 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ബാലൻസ് തുക നൽകൽ - പ്രോജക്ട് നം. 95/23-<br>15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്.<br>(കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുക എസ്റ്റിമേറ്റ് തുക-₹1460000/-. ആയതിൽ ₹1178090/- 2021-22 ൽ നൽകിയത്) | XVFC/2022-23/P/16 തീയതി-04.01.2023 | 281910/- |
| 2 | ഐ.കെ.എം. വിഹിതം നൽകൽ.<br>പ്രോജക്ട് നമ്പർ 25/23-<br>ഐ.കെ.എം. എക്സിക്യൂട്ടിവ് ഡയറക്ടർക്ക് നൽകിയത്. | 22100552016600609234/ 06.10.2022 | 37170/- |
| 3 | ഡയാലിസിസ് -വൃക്ക രോഗികൾക്ക് ധനസഹായം . പ്രോജക്ട് നമ്പർ 106/23-. ജില്ലാ പഞ്ചായത്തിന് നൽകിയ തുക. | 22100552016601537502/ 28.03.2023 | 100000/- |
| 4 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. വാർഡ് 1. പ്രോജക്ട് നമ്പർ 158/23.കെ.എസ് ഇ ബി യിൽ ഒടുക്കിയ തുക | 22100552016601482276/ 25.03.23 ₹24112/- | 24112/- |
| | | ആകെ | 443192 |

വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ അഞ്ച് പദ്ധതികൾക്കുമായി ചെലവഴിച്ച ₹443192/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 സുസ്ഥിര വികസന പുരോഗതി -അവലോകനം

സുസ്ഥിര വികസനലക്ഷ്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എവിടെയെത്തി എന്ന് പരിശോധിക്കുന്നതിനും പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ അവയെ ഗ്രേഡ് ചെയ്യുന്നതിനുമായി 'കില' (KILA) തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്‌വെയറിൽ 10 തീമുകളും 17 ലക്ഷ്യങ്ങളുമായി സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

ഈ സോഫ്റ്റ്‌വെയറിൽ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവരശേഖരണം നടത്തി വിവരങ്ങൾ രേഖപ്പെടുത്തുന്ന വിധം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അടക്കം പരിശീലനം നൽകുന്നതിനായി ഇടുക്കി ജില്ലയിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ തീമാറ്റിക്ക് എക്സ്പെർട്ടിനെ കുടുംബശ്രീ മുഖേന

ഏർപ്പെടുത്തിയിട്ടുണ്ടെന്നും നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ മാത്രമാണ് ഈ എക്സ്പെർട്ടിന്റെ സേവനം ലഭ്യമായി പരിശീലനം പൂർത്തീകരിച്ചിട്ടുള്ളൂ എന്നുമാണ് ഗ്രാമ പഞ്ചായത്തിൽനിന്നും അറിയുവാൻ കഴിഞ്ഞത്. കുടുംബശ്രീ മുഖേന പരിശീലനത്തിന് തീമാറ്റിക്ക് എക്സ്പെർട്ടിനെ ലഭിക്കുന്ന മുറയ്ക്ക് കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ കില ഡാഷ് കാലികമാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. എങ്കിലും മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ളം എന്നീ മേഖലകളിൽ പഞ്ചായത്തിന്റെ നിലവിലുള്ള അവസ്ഥ, ലക്ഷ്യ പ്രാപ്തി വളരെ അകലെയാണെന്നാണ് വ്യക്തമാക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

മാലിന്യ നിർമ്മാർജ്ജനം - മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് വിവിധ പദ്ധതികൾ എറ്റെടുത്തു നടപ്പിലാക്കി വരുന്നു. ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി വിവിധ പ്രൊജക്ടുകളിലൂടെ ആകെ ₹1056455/- വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. കരിങ്കുന്നം ഗ്രാമപഞ്ചായത്തിൽ വാതിൽപടി പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനായി 13 വാർഡുകളിലായി ഹരിത കർമ്മ സേനയ്ക്കായി 25 പേരെ നിയോഗിച്ചിട്ടുണ്ട്. മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കായി രണ്ട് MCFകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ₹2441968/- വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. MCFകളിൽ ഫയർ ഓഡിറ്റ് നടത്തിയിട്ടുള്ളതും വെള്ളം കണക്ഷനും, ഫയർ എക്സ്റ്റിൻഷറും, വെയിംഗ് മെഷീനും സ്ഥാപിച്ചിട്ടുള്ളതുമാണ്. 2020-21 സാമ്പത്തിക വർഷം 607 ബയോബിൻ വിതരണം ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം വീടുകളിൽ റിംഗ് കമ്പോസ്റ്റ് എന്ന പദ്ധതി എറ്റെടുത്തു നടത്തി വരുന്നു.

ഗ്രാമപഞ്ചായത്തിലെ എം.സി.എഫ്. കളിൽ നിന്നും എകദേശം 4200 കിലോ തരം തിരിച്ച പ്ലാസ്റ്റിക് മാലിന്യം ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുള്ളതും ആയതിന് ₹9000/- ലഭിച്ചിട്ടുള്ളതുമാണ്. ലെഗസി മാലിന്യം ഏകദേശം 2000 കിലോ ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുള്ളതുമാണ്. ക്ലീൻ കേരള കമ്പനിക്ക് പലതവണ അറിയിപ്പ് നൽകിയിട്ടും കുപ്പിചില്ലുകൾ നീക്കം ചെയ്യാത്തതു മൂലം സ്ഥല സൌകര്യം പരിമിതപ്പെട്ടിരിക്കുകയാണ്.

കുടിവെള്ളം

കുടിവെള്ള വിതരണത്തിനായി നിലവിൽ ഗ്രാമപഞ്ചായത്തിൽ ഏഴ് കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്. അവ താഴെ കൊടുക്കുന്നു.

1. പ്ലാന്റേഷൻ ലക്ഷം വീട് കോളനി-വാർഡ് 7, വീടുകൾ-43

2. കാട്ടോലി ഇല്ലിചാരി കുടിവെള്ള പദ്ധതി- വാർഡ് 6,5 വീടുകൾ 118

3. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി- വാർഡ് 3, വീടുകൾ 10

4. ഒറ്റല്ലൂർ മണ്ണാത്തിപ്പാറ കുടിവെള്ള പദ്ധതി- വാർഡ് 8- വീടുകൾ35

5. കുഴിമറ്റം കുടിവെള്ള പദ്ധതി- വാർഡ് 9, 10, 12 – വീടുകൾ 100

6. ഇടുക്കി ജില്ലാ പഞ്ചായത്ത് വീരൻമല കുടിവെള്ള പദ്ധതി വാർഡ് 13, 10 -വീടുകൾ 40

7. മൂരിപ്പാറ കുടിവെള്ള പദ്ധതി- വാർഡ് 7,13 – വീടുകൾ

ജലജീവൻ പദ്ധതിയുടെ പ്രവർത്തനം പഞ്ചായത്തിൽ പ്രാരംഭ ദശയിലാണ്.

ജലസ്രോതസുകളുടെ സംരക്ഷണം.

ജലസ്രോതസുകളെ മാലിന്യമുക്തമായി സംരക്ഷിക്കുന്നതിൽ പഞ്ചായത്ത് പൂർണ്ണമായി വിജയിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽകൂടി ഒഴുകുന്ന തോടുകളും ചെറിയ ജലസ്രോതസുകളും മാലിന്യം നിറഞ്ഞതാണ്. കടകളും വീടുകളും മാലിന്യം ഒഴിവാക്കുന്നതിനുള്ള മാർഗ്ഗമായി ഇത്തരം ജലസ്രോതസ്സുകളെ കണക്കാക്കുന്നതിനാൽ പ്ലാസ്റ്റിക്കുകളും മറ്റ് മണ്ണും ജലവും പരിസ്ഥിതിയും മലിനമാക്കുന്ന വസ്തുകളുടെ നിക്ഷേപ കേന്ദ്രമായി ഇതിനെ കണക്കാക്കിയിരിക്കുന്നു. ഇത്തരത്തിലുള്ള ഒരു ജലസ്രോതസാണ് 'ചന്തത്തോട്'. ഇത് മലിനീകരിക്കുന്നത് സംബന്ധിച്ച പരാമർശം ഖണ്ഡിക 1-18 ആയി ഉൾപ്പെടുത്തിയിരിക്കുന്നു. മാലിന്യങ്ങൾ വലിച്ചെറിയുക, കത്തിക്കുക, ജലസ്രോതസ്സിലേയ്ക്ക് ഒഴുക്കിവിടുക എന്നിവയ്ക്കെതിരെ അവബോധക്ലാസുകളും, ശക്തമായ നിയമനടപടികളും സ്വീകരിച്ചാൽ മാത്രമേ മാലിന്യനിർമ്മാർജ്ജനത്തിൽ പൂർണ്ണവിജയം കൈവരിക്കാൻ സാധിക്കു. മാലിന്യം ശേഖരിക്കുന്നതിന് ക്ലീൻകേരള കമ്പനി പോലെ മറ്റ് ഏജൻസികളെ കൂടി ചുമതലപ്പെടുത്താവുന്നതും ഇവയുടെ പ്രോസസ്സിംഗിനായി വിവിധ പഞ്ചായത്തുകൾ ചേർന്ന് സർക്കാർ അനുമതിയോടെ ബൃഹത് പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതുമാണ്. മാത്രമല്ല ഇത്തരം കമ്പനികൾ ശേഖരിക്കുന്ന മാലിന്യങ്ങളിൻമേൽ തുടർന്ന് സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ചും ശക്തമായ മോണിട്ടറിംഗ് ആവശ്യമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

| തുക ലഭ്യമാക്കിയ സ്ഥാപനം | വർഷം | തുക ₹ | പദ്ധതി | ചെലവ് ₹ | ബാക്കി ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2022-23 | 18533 | പാലിന് സബ്സിഡി | 18533 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2022-23 | 90000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ബത്ത | 90000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 270000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ബത്ത | 270000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 280000 | ലൈഫ് ഭവന പദ്ധതി വീട് നിർമ്മാണം സ്ഥലം വാങ്ങൽ | 280000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 160000 | ലൈഫ് 2020 ജനറൽ | 160000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 400000 | സുവർണ്ണഭവനം ജനറൽ | 400000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 225000 | ലൈഫ് ഭവനപദ്ധതി (SC) സ്ഥലം വാങ്ങൽ ഭവനനിർമ്മാണം | 225000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 915000 | ലൈഫ് ഭവനപദ്ധതി (SC)സ്ഥലം വാങ്ങൽ ഭവനനിർമ്മാണം | 915000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 80000 | ലൈഫ് 2020 ജനറൽ | 80000 | 0 |

## 4-2 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-3 നിക്ഷേപ പ്രവ്യത്തികളുടെ വിവരം

ഓഡിറ്റ് വർഷം നിക്ഷേപ പ്രവ്യത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവ്യത്തിയുടെ പേര്/ പ്രവ്യത്തി നം. | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ 95/2023 | XVFC/2022-23/P/16 | 281910 | 0 | 281910 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 1-ാം വാർഡ് 158/23 | 22100552016601482276/25-3-2023 | 24112 | 0 | 24112 |

## 4-4 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | തൻവർഷ വായ്പ തുക ₹ | മുൻവർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി ജി.ഒ.(എം.എസ്.) | 0 | 3741956 | 737246 | 3004710 |

| | | | | |
|---|---|---|---|---|
| 100/2018/ തീ.30.07.2018 | | | | |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് / ഉദ്യോഗപ്പേര് | രസീത് നം./ തീയതി |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് വിഭാഗം നിരീക്ഷണത്തെ തുടർന്ന് ഒടുക്കിയ തുക | | 700 | ശ്രീ. ജോജി തോമസ്, മുൻ പ്രസിഡന്റ് | 1220102300/15.02.2023 |

## 4-7 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യ മായ തുക ₹ | അവശേ ഷിക്കുന്ന തുക/ ബാധ്യത ₹ | റി മാ ർ ക്ക് സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2002-03 | 2-3 | റ്റി. കെ. സരസ്വതിയമ്മ സെക്രട്ടറി | LF-4970/ Spl.cell/ SC2/06 13.02.07 | 5283 | | | | | | 5283 | |

ബി) സർചാർജ് ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

\- ഇല്ല -

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 6849891 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 22188291 |
| ആകെ | : | 29038182 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 20773518 |
| നീക്കിയിരിപ്പ് | | 8264664 |

(കുറിപ്പ് – 2022-23 ലെ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്

)

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 455192 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 443192 | ശ്രീമതി ഷാജാ ജോസഫ്, സെക്രട്ടറി |
| 1-14 | 12000 | ഡോ. മായ ജോർജ്ജ്, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. മായാ ജോർജ്ജ് | വെറ്ററിനറി സർജൻ, വെറ്ററിനറി സർജൻ കരിങ്കുന്നം | തുണ്ടിയത്ത് വീട് ഒളമറ്റം പി.ഒ തൊടുപുഴ, ഇടുക്കി ജില്ല |
| ശ്രീമതി ഷാജാ ജോസഫ് | സെക്രട്ടറി, കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | പേരപ്ലാക്കൽ, കുവപ്പള്ളി പി ഒ, തൊടുപുഴ |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | എൽ.എഫ്.ഐ-7/172/2000/31.07.2000 | 1 | 29 |
| 2008-09 | എൽ.എഫ്.ഐ-7/1497/16/ 26.12.16 | 1 | 3-5 (1, 2, 3) |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ-7/830/2016/ 23.06.2016 | 2 | 2-1, 3-1 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-7/ 183/18/17.03.18 | 2 | 2-3, 2-4 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-7/ 981/2018/04.10.18/07.11.18 | 3 | 2-4, 2-5, 3-2 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ-7/743/2019 | 2 | 3-12, 3-13 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ-7/283/2021 | 10 | 1-9, 1-11, 1-12, 1-13, 1-14, 1-18, 1-19, 1-20, 1-21, 1-24 |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ-8/1080/2022 തീയതി. 23.05.2023 | 4 | 1-10, 1-12, 1-18, 1-20 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.പി.2-187/2023 തിയതി 21/7/2023 | 13 | 1-3-1, 1-8 മുതൽ 1-12 വരെ, 1-14 മുതൽ 1-20 വരെ |

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 21-06-2023 and submitted on 22-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Karimkunnam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Karimkunnam Grama Panchayat for the year 2022-2023

Date: 26/10/2023

Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Karimkunnam Grama Panchayat for the Year 2022-2023.

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.

**2.Other Observations**

1. Demand registers does not match with financial statements.
2. Registers, viz., Loan Register, Advance Register, Deposit Register etc., are not maintained correctly and or does not match with accounts and not reliable for audit.
3. Lack of authenticated journal vouchers for supporting the adjustment entries recorded in prior period items.
4. Liability amount shown as liability in Balance Sheet does not match with the corresponding asset entry in B-17 schedule.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്